"ഭരണഭാഷ- മാതൃഭാഷ"

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ : അനുപമ.റ്റി.വി I.A.S )**

വിഷയം – വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗക്കയറ്റം – അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്-

പരാമർശം :1. വനിത ശിശുവികസന ഡയറക്ടറുടെ 17/09/2020 തിയതിയിലെ WCD-E8/6808/2020 നമ്പർ ഉത്തരവ്.

2. വനിത ശിശുവികസന ഡയറക്ടറുടെ 07/01/2021 തിയതിയിലെ WCD-E9/14181/2020 നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ : WCD-E7/12232/20 തീയതി : 18·01·2021**

വനിതാ ശിശു വികസന വകുപ്പിൽ പരാമർശം(2) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ശ്രീ.ക്രിസ്റ്റി.സി.ഉതുപ്പ്, ശ്രീ.സത്യൻ.വി.സി എന്നിവർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതു മുഖേന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകളിലേക്ക് പരാമർശം (1) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ ജീവനക്കാരുടെ മുൻഗണനാ പട്ടിക അനുസരിച്ച് മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഉൾപ്പെടുന്ന ക്രമ നമ്പർ8 , ക്രമനമ്പർ9 ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയററത്തിന് അർഹതയുണ്ട്.എന്നാൽ ക്രമ നമ്പർ 9) ആയ ശ്രീ.സിബു.ജിയുടെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ലാത്തതിനാലും ക്രമ നമ്പർ 10) ആയ ശ്രീ.ബാലചന്ദ്രൻ 31/05/2020 തിയതിയിൽ വിരമിച്ചതിനാലും ചുവടെ കൊടുത്തിരിക്കുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

ക്രമ നമ്പർ 8) ശ്രീമതി. രുഗ്മിണി.പി.കെ

ക്രമ നമ്പർ 11) ശ്രീമതി.ബബിത.ടി.കെ

ഈ സാഹചര്യത്തിൽ പരാമർശം(1) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റിലെ യോഗ്യരായ ടി ജീവനക്കാരെ KS&SSR ചട്ടം 28A(i) പ്രകാരം 30700- 65400 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു .

**ജൂനിയർ സൂപ്രണ്ട് സ്ഥലം മാറ്റം**

| ക്രമ നം. | പേര്, ഇപ്പോൾ ജോലി ചെയ്യുന്ന തസ്തിക, കാര്യാലയം | സ്ഥലം മാറ്റം നൽകുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ.വാസുദേവൻ.വി, ജൂനിയർ സൂപ്രണ്ട് ഐ.സി.ഡി.എസ് കൊണ്ടോട്ടി | ജില്ലാ വനിതാ ശിശുവികസന ഓഫീസ്, മലപ്പുറം |
| 2 | ശ്രീമതി.രേണുകദാസ്,ജൂനിയർസൂപ്രണ്ട് ഐ.സി.ഡി.എസ് കാറഡുക്ക അഡിഷണൽ | പ്രോഗ്രാം ഓഫീസ്,മലപ്പുറം |

**ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം**

| ക്രമ നം. | പേര്, ഇപ്പോൾ ജോലി ചെയ്യുന്ന തസ്തിക, കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീമതി.രുഗ്മിണി.പി.കെ,ഹെഡ് അക്കൗണ്ടന്റ് ജില്ലാ വനിതാ ശിശുവികസന ഓഫീസ്,മലപ്പുറം | ഐ.സി.ഡി.എസ് കൊണ്ടോട്ടി |
| 2 | ശ്രീമതി.ബബിത.ടി.കെ, ഹെഡ് അക്കൗണ്ടന്റ് ഐ.സി.ഡി.എസ് പേരാമ്പ്ര | ഐ.സി.ഡി.എസ് കാറഡുക്ക അഡിഷണൽ |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്കും, പ്രവേശന കാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:

1. ഡയറക്ടറുടെ സി.എ
2. ബന്ധപ്പെട്ട കാര്യാലയ മേധാവിമാർക്ക്
3. ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്ക്
4. ജില്ലാ പ്രോഗ്രാം ഓഫീസർമാർ
5. ഡയറക്ടറേറ്റിലെ യൂണിറ്റ് ഓഫീസർമാർ
6. E1 മുതൽ E9 വരെ സെക്ഷനുകൾ
7. സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻപ്രകാരം**

**സൂപ്രണ്ട്**